ഉത്തരം

ഗുണനിലവാരമില്ലാത്ത ഭക്ഷ്യഎണ്ണയുടെ വൻതോതിലുള്ള ഇറക്കുമതിമൂലം കേരളത്തിന്റെ സമ്പദ് ഘടനയേയും കാർഷികമേഖലയേയും പിടിച്ചു നിർത്തുന്ന നാളികേരത്തിന്റെയും അതിന്റെ ഉല്പന്നങ്ങളുടേയും ആഭ്യന്തരവിപണിയിലെ ഡിമാന്റ് താരതമ്യേന കുറയുമെന്നതിനാൽ അവയുടെ നിലവാരം ഇടിഞ്ഞാൽ കർഷകർക്ക് വളരെ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിക്കുവാൻ ഇടയാകും.

കാർഷികോൽപ്പന്നങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

68 (1863) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ലക്ഷ്യ പ്രാപ്തിയിലെത്തുവാൻ കഴിഞ്ഞിട്ടില്ലെന്ന സംസ്ഥാനത്തെ ആസൂത്രണ കമ്മിഷന്റെ വിലയിരുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് പല കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പദ്ധതികളും കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഈയിനത്തിൽ ചെലവാക്കിയ തുകയും സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനകൃഷി വകുപ്പിന്റെ മൊത്തം പ്രവർത്തനങ്ങൾക്കായി 2002-2003 വർഷത്തിൽ മൊത്തം എത്ര തുക ചെലവു വന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആസൂത്രണ ബോർഡ് പുറത്തിറക്കിയ ഇക്കണോമിക് റിവ്യൂ 2002 പ്രകാരം സംസ്ഥാനത്തെ ചില വിളകളുടെ ഉൽപ്പാദന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെന്നു വ്യക്തമാക്കിയിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു:

നെല്ല്: 9-ാം പഞ്ചവൽസര പദ്ധതിയിൽ അരിയുൽപ്പാദനം 12.5 ലക്ഷം ടൺ ആയി ഉയർത്തുകയായിരുന്നു ലക്ഷ്യം. എന്നാൽ പഞ്ചവൽസരപദ്ധതിയുടെ അവസാനത്തിൽ 7.04 ലക്ഷം ടൺ മാത്രമാണ് കൈവരിക്കാൻ കഴിഞ്ഞത്.

നാളികേരം: 9000 മില്യൻ തേങ്ങയായിരുന്നു ഉൽപ്പാദന ലക്ഷ്യം. എന്നാൽ 2001-2002 അവസാനം 5479 മില്യൻ നാളികേരം മാത്രമേ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

കുരുമുളക്: 9-ാം പഞ്ചവൽസരപദ്ധതിയുടെ തുടക്കത്തിൽ സംസ്ഥാനത്തിന്റെ കുരുമുളക് ഉൽപ്പാദനം 56000 ടൺ ആയിരുന്നു. ഉൽപ്പാദനം 1.5 ലക്ഷം ടണിൽ എത്തിക്കുകയായിരുന്നു ലക്ഷ്യമെങ്കിലും 2001-2002-ൽ ഉൽപ്പാദനം 58240 ടൺ മാത്രമേ ഉണ്ടായിരുന്നുള്ളു.

കശുവണ്ടി: 9-ാം പഞ്ചവൽസര പദ്ധതിയിൽ കശുമാവു കൃഷിയുടെ വിസ്തീർണ്ണം 95000 ഹെക്ടറിൽനിന്നും 90,000 ഹെക്ടറായി കുറയുകയാണുണ്ടായത്. ഇതിനുപുറമേ ഇഞ്ചി, മുളക്, വൃക്ഷ സുഗന്ധവിളകൾ എന്നിവയുടെയും ഉൽപ്പാദന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 2003-2004 സാമ്പത്തിക വർഷത്തിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ടി നടപ്പാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

	പദ്ധതി സംസ്ഥാന പദ്ധതികൾ	ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള തുക (രൂപ ലക്ഷത്തിൽ)
1.	നെല്ല് അടിസ്ഥാനമായുള്ള സുസ്ഥിര കൃഷി വികസനം	900
2.	തെങ്ങ് അടിസ്ഥാനമായുള്ള കൃഷി വികസനം	1050
3.	സംയോജിത വളപ്രയോഗം	50
4.	സംയോജിത കീടനിയന്ത്രണം	75
5.	പച്ചക്കറികൃഷി വികസനം	150
6.	വീട്ടുവളപ്പിലെ കൃഷി	50
7.	വയനാട്, പത്തനംതിട്ട ജില്ലകളിലെ പഴം പച്ചക്കറി വികസനത്തിനായി കെ. എച്ച്. ഡി. പി വഴി നടപ്പിലാക്കിയ കേന്ദ്ര സർക്കാർ പദ്ധതികൾ	200
8.	ടി x ഡി തെങ്ങിൻ തൈകളുടെ ഉൽപ്പാദനം (50% കേന്ദ്രാവിഷ്കൃതം)	30
9.	എണ്ണപ്പന കൃഷി വികസനം	20
10.	സംയോജിത നാളികേര വികസനം (സി. ഡി. ജി. പദ്ധതി)	1000

LIBRARY ARCHIVES Kerala Legislative Assembly

മാക്രോ മാനേജ്മെന്റ് പദ്ധതികൾ

1.	നെൽകൃഷി വികസനം	1500
2.	കുരുമുളക് കൃഷിവികസനം	500
3.	ഇഞ്ചി, മഞ്ഞൾ, വാനില തുടങ്ങിയവയുടെ വികസനം	100
4.	കശുമാവ് കൃഷി വികസനം	400
5.	പച്ചക്കറികൃഷി വികസനം	200
6.	ഫലവർഗ്ഗവിളകളുടെ വികസനം	200

2001-2002, 2002-2003 സാമ്പത്തിക വർഷങ്ങളിൽ വിവിധ വിളകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പാക്കിയ പദ്ധതികളുടെയും ചെലവഴിച്ച തുകയുടെയും വിവരം ചുവടെ ചേർക്കുന്നു. (രൂപ ലക്ഷത്തിൽ)

	പദ്ധതി	2001-2002	2002-2003
1.	നെൽകൃഷി വികസന പരിപാടികൾ	3068.47	3727.49
2.	നാളികേര വികസനം	1232.82	2586.82
3.	കശുമാവ് കൃഷി വികസനം	343	371.01
4.	കുരുമുളക് കൃഷി വികസനം	470.28	366.25
5.	പച്ചക്കറി വികസനം	598.53	377.75

(ഇ) സംസ്ഥാന കൃഷി വകുപ്പിന്റെ മൊത്തം പ്രവർത്തനങ്ങൾക്കായി 2002-2003 വർഷത്തിൽ പദ്ധതിയിനത്തിൽ 12047.86 ലക്ഷം രൂപയും പദ്ധതിയിതരയിനത്തിൽ 10328.09 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

കാർഷികോൽപ്പന്നങ്ങളുടെ കയറ്റുമതി വിപുലീകരിക്കുന്നതിന് നടപടികൾ

69 (1864) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളുടെ കയറ്റുമതി വിപുലീകരിക്കുന്നതിനും കർഷകർക്ക് സ്ഥിരം ആദായം ലഭ്യമാക്കുന്നതിനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കാർഷിക കയറ്റുമതി മേഖലയുടെ ചെലവ് എത്രകോടി രൂപയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയാണ് ;

(സി) ഏതൊക്കെ ജില്ലകളിലാണ് കാർഷിക കയറ്റുമതി മേഖല രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly